# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം.1266 04.02.2019 -ൽ മറുപടിയ്ക്ക്

## നീതി ആയോഗിന്റെ നിർദ്ദേശങ്ങൾ

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| | **ശ്രീ.എൽദോസ് പി.കുന്നപ്പിള്ളിൽ** | | പ്രൊഫ : സി.രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| എ) | അദ്ധ്യാപകരുടെ നിലവാരം അളക്കുവാൻ സംസ്ഥാന വിദ്യാഭ്യാസ വകുപ്പ് വർഷത്തിൽ മൂന്ന് തവണ പരീക്ഷ നടത്തണമെന്ന ശിപാർശ നീതി ആയോഗ് നൽകിയിട്ടുണ്ടോ; | എ) | ഇതുമായി ബന്ധപ്പെട്ട ഉത്തരവ് ലഭിച്ചിട്ടില്ല. |
| ബി | 2022 ഓടെ വിദ്യാഭ്യാസ മേഖലയ്ക്കുള്ള ഫണ്ട് ജി.ഡി.പിയുടെ 6 ശതമാനം ആക്കണമെന്ന നീതി ആയോഗിന്റെ നിർദ്ദേശം പ്രാവർത്തികമാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | ബി & സി) | ഇതുമായി ബന്ധപ്പെട്ട തീരുമാനം കൈക്കൊണ്ടിട്ടില്ല. |
| സി) | കുട്ടികൾ കുറവുള്ള സ്കൂളുകൾ ലയിപ്പിക്കണമെന്ന നിർദ്ദേശം സംസ്ഥാനത്ത് എപ്രകാരം പ്രാവർത്തികമാക്കുവാനാണ് ഉദ്ദേശി ക്കുന്നതെന്ന് അറിയിക്കുമോ; | | |
| ഡി) | വൊക്കേഷണൽ കോഴ്സുകൾ സ്കൂൾ തലത്തിൽ ആരംഭിക്കുന്നതിന് സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശം പുറത്തിറക്കണമെന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; | ഡി) | 9,10 ക്ലാസുകളിലെ പാഠ്യപദ്ധതിയിൽ ഉൾപ്പെടുന്ന തൊഴിൽ ഘടകങ്ങൾ കണ്ടെത്തിയിട്ടുണ്ട്. അവ പ്രത്യേകം ഊന്നൽ നൽകി പരിശീലിപ്പിക്കാൻ ആവശ്യമായ നിർദ്ദേശം നൽകുന്നതാണ്. |
| ഇ) | നീതി ആയോഗിന്റെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിലൂടെ സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖലയിൽ ഉണ്ടാകുന്ന മാറ്റങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ? | ഇ) | നീതി ആയോഗിന്റെ നിർദ്ദേശങ്ങൾ വിശദമായ പഠനങ്ങൾക്ക് വിധേയമാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ